"ഭരണഭാഷ- മാതൃഭാഷ"

चुनाव का पर्व DESH KA GARV LOK SABHA ELECTION 2024

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ഷൻ വകുപ്പ് - ലോക് സഭയിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പ്-2024 - തിരഞ്ഞെടുപ്പ് ജോലികളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്ക് പ്രതിഫലത്തുകയും, ഭക്ഷണ ചെലവും നിജപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്**

സ.ഉ.(സാധാ) നം.153/2024/ELEC തീയതി, തിരുവനന്തപുരം, 17-03-2024

പരാമർശം:- 1) സ.ഉ. (സാധാ) നം.189/2021/ഇലക്ഷൻ, തീയതി, 21.03.2021.

2) സ.ഉ. (സാധാ) നം.196/2021/ഇലക്ഷൻ തീയതി, 25.03.2021.

**ഉത്തരവ്**

2024-ലെ ലോക് സഭയിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരഞ്ഞെടുപ്പ് ജോലികളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്ക് പ്രതിഫലത്തുകയും, ഭക്ഷണ ചെലവും നിജപ്പെടുത്തി താഴെ വിവരിക്കുന്ന തരത്തിൽ പ്രതിഫലം നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥർ | പ്രതിഫലത്തുക (പ്രതിദിനം) | ഭക്ഷണ അലവൻസ് (പ്രതിദിനം) |
|---|---|---|---|
| 1) | പ്രിസൈഡിംഗ് ഓഫീസർ/ കൗണ്ടിംഗ് സൂപ്പർവൈസർ | Rs.600/- | Rs.250/- |
| 2) | പോളിംഗ് ഓഫീസർ / കൗണ്ടിംഗ് അസിസ്റ്റന്റ് | Rs.500/- | Rs.250/- |
| 3) | ഗ്രൂപ്പ് "ഡി" ജീവനക്കാർ (പോളിംഗ് അസിസ്റ്റന്റ് /ക്ലാസ്-IV) | Rs.400/- | Rs.250/- |
| | | | |

| | | | |
|---|---|---|---|
| 4) | പോലീസ് / മൊബൈൽ പാർട്ടി, ഹോം ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, എക്സ് ആർമി, സി.പി.എഫ് | പ്രതിഫലം പോലീസ് വകുപ്പിൽ നിന്നും നൽകേണ്ടതാണ്. | Rs.250/- (വോട്ടെടുപ്പ്, വോട്ടെണ്ണൽ ദിവസങ്ങളിൽ മാത്രം) |
| 5) | റിഹേഴ്സൽ ക്ലാസിലെ പരിശീലകർ (Trainers at Rehearsal classes) | Rs.600/- | Rs.250/- |
| 6) | പോളിംഗ് സാമഗ്രികൾ വിതരണം / സ്വീകരിക്കൽ ജോലിയിലുള്ള ജീവനക്കാർ | Rs.600/- | Rs.250/- |
| 7) | മൈക്രോ ഒബ്സർവ്വേഴ്സ് (Micro observers) | Rs.600/- | Rs.250/- |
| 8) | റൂട്ട് ഓഫീസേഴ്സ് (Route Officers) (പ്രതിഫലം രണ്ട് ദിവസത്തേയ്ക്ക് മാത്രം) (ഇവർ മറ്റ് ടീമുകളിൽ/ സ്ക്വാഡുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തവർ ആകണം) | Rs.500/- | Rs.250/- |
| 9) | വൈദ്യ സഹായ ടീം (Medical Assistance Team) (പ്രതിഫലം രണ്ട് ദിവസത്തേയ്ക്ക് മാത്രം) (ഇവർ മറ്റ് ടീമുകളിൽ/ സ്ക്വാഡുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തവർ ആകണം) | Rs.500/- | Rs.250/- |
| 10) | പരിശീലന ക്ലാസ്സുകളിലെ സഹായികൾ | Rs.500/- | Rs.250/- |
| 11) | EVM ൽ ബാലറ്റ് പേപ്പർ ഘടിപ്പിച്ച് ബാലറ്റ് യൂണിറ്റ് സെറ്റ് ചെയ്യുവാൻ സഹായിക്കുന്ന ജീവനക്കാർ | Rs.500/- | Rs.250/- |

2) വോട്ടെടുപ്പ് കേന്ദ്രങ്ങൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് പ്രതിദിനം 250/- രൂപ (ഇരുന്നൂറ്റി അൻപത് രൂപ) നിരക്കിൽ ഭക്ഷണ അലവൻസ് നൽകേണ്ടതാണ്. മേൽപ്പറഞ്ഞ നിരക്ക് തിരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെട്ട് ഒരു പകൽ മുഴുവൻ നീളുന്ന പരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്കും, പോളിംഗ് സാധനങ്ങൾ ശേഖരിക്കുന്നവർക്കും ബാധകമാണ്. തിരഞ്ഞെടുപ്പ് ജോലികളിൽ ഹാജരാകുന്ന ജീവനക്കാരുടെ പേര്, തസ്തിക PEN/Employee Code, മൊബൈൽ നമ്പർ, ഓഫീസ് തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒപ്പ് വച്ച

അക്വിറ്റൻസ് കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

3) കൂടാതെ 2024-ലോക്സഭയിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ തിരഞ്ഞെടുപ്പ് ദിവസം പ്രിസൈഡിംഗ് ഓഫീസർമാർക്ക് ടെലിഫോൺ അലവൻസായി 50/- രൂപ (അൻപത് രൂപ മാത്രം) നൽകുവാനും പ്രസ്തുത ചെലവ് "2015-00-105-99-34-OE3-TC" എന്ന ശീർഷകങ്ങളിൽ നിന്നും നൽകേണ്ടതാണ്.

4) 2024-ലോക്സഭയിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ പ്രതിഫല തുകയും, ഭക്ഷണ അലവൻസ് തുകയും "2015-00-105-99-34-03-Other Charges" എന്ന ശീർഷകത്തിൽ നിന്നും നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനീഷ് റ്റി

JOINT SECRETARY & JOINT CHIEF ELECTORAL OFFICER

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ & ജില്ലാ കളക്ടർമാർക്കും.
എല്ലാ റിട്ടേണിംഗ് / അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരളം, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയാ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഒ.സി.

ഉത്തരവിൻ പ്രകാരം

Signed by
Salunath V S
Date: 18-03-2024 12:49:22

പകർപ്പ്:-

ചീഫ് ഇലക്ടറൽ ഓഫീസർ, കേരളം & സെക്രട്ടറിയുടെ പി.എ യ്ക്ക്,
ഡോ. അദീല അബ്ദുള്ള, ഐ.എ.എസ്, അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ & അഡീഷണൽ സെക്രട്ടറി.
ശ്രീ. പ്രേംകുമാർ, വി.ആർ, ഐ.എ.എസ്, അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ & അഡീഷണൽ സെക്രട്ടറി.
അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ-I & അഡീഷണൽ സെക്രട്ടറി, ഇലക്ഷൻ വകുപ്പ്.
അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ-II & അഡീഷണൽ സെക്രട്ടറി, ഇലക്ഷൻ വകുപ്പ്.
ജോയിന്റ് ചീഫ് ഇലക്ടറൽ ഓഫീസർ & ജോയിന്റ് സെക്രട്ടറി, ഇലക്ഷൻ വകുപ്പ്.
ഡെപ്യൂട്ടി ചീഫ് ഇലക്ടറൽ ഓഫീസർ & ഡെപ്യൂട്ടി സെക്രട്ടറി, ഇലക്ഷൻ വകുപ്പ്.
ഇലക്ഷൻ (അക്കൗണ്ട്സ്)/(ജനറൽ)/(എക്യുപ്മെന്റ്) വകുപ്പുകൾക്ക്.